എ(ഇ) (2) 17/2015

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ
ഓഫീസ്, കാസറഗോഡ്. തീയതി: 03.02.2015

**കേരള സർക്കാർ (കൃഷി വകുപ്പ്)**

**കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**<u>ദർഘാസ് പരസ്യം</u>**

കാസറഗോഡ് ജില്ലാ പഞ്ചായത്തിനുവേണ്ടി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് 2014 - 15 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ജില്ലയിലെ കാർഷിക യന്ത്രവൽക്കരണം പദ്ധതിക്കുവേണ്ടി താഴെ പറയുന്ന യന്ത്രങ്ങളും ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനായി യോഗ്യതയുള്ള നിർമ്മാതാക്കളിൽ നിന്നും അംഗീകൃത വിതരണക്കാരിൽ നിന്നും മൽസര സ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്ത മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ 25.02.2015 ഉച്ചയ്ക്ക് 2 മണിവരെ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് ആയി സ്വീകരിക്കുന്നതും അന്നേദിവസം 2.30 മണിക്ക് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരുള്ള വിതരണക്കാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതു ഒഴിവ് പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവൃത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നം. | വിതരണം ചെയ്യേണ്ടുന്ന കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പേര് | എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വിതരണം ചെയ്യേണ്ടുന്ന കാലാവധി |
|---|---|---|---|---|---|
| 1. | 1/എഇ (2) 17/2015 | സെൽഫ് പ്രൊപ്പെൽഡ് ക്രോളർ ടൈപ്പ് കമ്പയിൻഡ് ഹാർവെസ്റ്റർ | 1 | 4,830/- | 25 ദിവസം |
| 2. | 2/എഇ (2) 17/2015 | നാലുവരി ഞാറുനടീൽ യന്ത്രം (വാക് ബിഹൈൻഡ്) | 4 | 1,969/- | 25 ദിവസം |
| 3. | 3/എഇ (2) 17/2015 | റോട്ടവേറ്റർ, കൾട്ടിവേറ്റർ, കേജ് വീൽ (സ്റ്റാൻഡ് ഉൾപ്പെടെ), ട്രാക്ടർ ഹുഡ് എന്നിവ | 5 വീതം | 2,310/- | 25 ദിവസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വെച്ച ഉദ്യോഗസ്ഥൻെറ കാര്യാലയത്തിൽ നിന്നും 24.02.2015 ഉച്ചക്ക് 1 മണിവരെ എല്ലാ പ്രവൃത്തിദിവസങ്ങളിലും ദർഘാസ് പ്രമാണത്തിൻെറ വില റൊക്കമായി അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽ പറഞ്ഞവർക്കുമാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതുമാകുന്നു. ദർഘാസ് പ്രമാണത്തിൻെറ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽ നിന്നും കാസറഗോഡ് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ്/ഇ.എം.ഡി. റസീറ്റ് ദർഘാസിനൊപ്പം നിരത ദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. ദർഘാസിനൊപ്പം 150/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സമർപ്പിക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഇതിനും ബാധകമാണ്. യാതൊരു കാരണവും കൂടാതെ, ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കാസറഗോഡ് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെട്ടാൽ അറിയാവുന്നതാണ്.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കാസറഗോഡ്
ഫോൺ: 04994225570 പിൻ: 671121

കാസറഗോഡ്
03.02.2015